# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ബി. ആർ. യമുന**

വിഷയം : ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ്മാർക്ക് ജൂനിയർ സൂപ്രണ്ടായുള്ള പ്രൊമോഷനും / ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റവും - സംബന്ധിച്ച്.

സൂചന :
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ 22/12/2011 - ലെ ഡി3-2545/11 നമ്പർ ഉത്തരവ്.
2. വനം വകുപ്പിലെ ഹെഡ് അക്കൗണ്ടന്റ് മാരുടെ 10/10/2010 തീയതി പ്രകാരം കണക്കാക്കിയ ഇ5-26262/10 തീയതി 07/06/2011 നമ്പർ അന്തിമ സീനിയോരിറ്റി ലിസ്റ്റ്.
3. ശ്രീ. എസ്.ആർ. മുരളീധരൻ നായർ, ജൂനിയർ സൂപ്രണ്ടിന്റെ 12/12/2011 - ലെ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ3 - 6000/2010 തീയതി, 07/01/2012

വനം വകുപ്പിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ തസ്തിക ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.എ. & എൻ.ഒ.) ഓഫീസിലേയ്ക്ക് താല്ക്കാലികമായി മാറ്റി കൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിന്റെ കീഴിൽ വരുന്നതും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.എ. & എൻ.ഒ.) ഓഫീസിലേതുമായ ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഈ ഓഫീസിലെ ബി - സെക്ഷനിലേയ്ക്ക് താല്ക്കാലികമായി മാറ്റി ഉത്തരവാകുന്നു.

വനം വകുപ്പിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എസ്.കെ. സുരേഷ് റിട്ടയർമെന്റിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചതുമൂലം വനം വകുപ്പിൽ ഒരു ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.എ. & എൻ.ഒ.) ഓഫീസിൽ നിന്നും താല്ക്കാലിമായി മാറ്റിയതു മൂലം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസിലെ ബി - സെക്ഷനിലാണ് നിലനിൽക്കുന്നത്. ആ ഒഴിവിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ടതുണ്ട്. നിലവിൽ ഹെഡ് അക്കൗണ്ടന്റ്മാരുടെ സൂചന (2) പ്രകാരമുള്ള സീനയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 19 ഉം നിലവിൽ പെരിയാർ (വെസ്റ്റ്) ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റുമായ ശ്രീ. സി. കെ. വേലായുധനെ ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകി ഉത്തരവാകുന്നു. കൂടാതെ വയനാട് (നോർത്ത്) ഡിവിഷനിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച ശ്രീ. എസ്. ആർ.

മുരളീധരൻ നായർ സൂചന (3) പ്രകാരം സമർപ്പിച്ച അപേക്ഷ ദയാപരമായി പരിഗണിച്ച് കൊണ്ടും താഴെ പേരു ചേർക്കുന്ന ഉദ്യോഗസ്ഥരെ അവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള ഓഫീസുകളിലേയ്ക്ക് സ്ഥലംമാറ്റി / പ്രൊമോഷൻ നൽകികൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് / ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് | പ്രൊമോഷൻ / സ്ഥലംമാറ്റം | സ്ഥലംമാറ്റം നൽകുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീ. എസ്. ആർ. മുരളീധരൻ നായർ, ജൂനിയർ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നോർത്ത് വയനാട്. | സ്ഥലംമാറ്റം | വൈൽഡ് ലൈഫ് വാർഡൻ ഓഫീസ്, തിരുവനന്തപുരം - ശ്രീ. ഡി. മാരിയപ്പൻ, ജൂനിയർ സൂപ്രണ്ട് സ്ഥലംമാറി പോകുന്ന ഒഴിവിൽ. |
| 2. | ശ്രീ. ഡി. മാരിയപ്പൻ, ജൂനിയർ സൂപ്രണ്ട്, വൈൽഡ്ലൈഫ് വാർഡൻ ഓഫീസ്, തിരുവനന്തപുരം. | സ്ഥലംമാറ്റം | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസ്, ബി - സെക്ഷനിലെ ഒഴിവിൽ. |
| 3. | ശ്രീ. സി. കെ. വേലായുധൻ, ഹെഡ് അക്കൗണ്ടന്റ്, ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ വെസ്റ്റ് ഡിവിഷൻ. | പ്രൊമോഷൻ | ശ്രീ. എസ്. ആർ. മുരളീധരൻ നായർ, ജൂനിയർ സൂപ്രണ്ട് സ്ഥലംമാറി പോകുന്ന ഒഴിവിൽ |

ക്രമ നമ്പർ 1 - ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കില്ല. യാത്രാപ്പടി നിലവിലുള്ള നിബന്ധനകൾക്ക് അനുസൃതമായിരിക്കും.

Yamuna BR

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ് :

1. വ്യക്തികൾക്ക് മേലധികാരികൾ മുഖാന്തിരം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്).
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ സി.എ. യ്ക്ക്.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്.
5. വൈൽഡ്ലൈഫ് വാർഡൻ, തിരുവനന്തപുരം.
6. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ (വെസ്റ്റ് ഡിവിഷൻ).
7. സ്റ്റോക്ക് ഫയൽ / എച്ച് സെക്ഷൻ.

APCCF (FMIS)